LIBRARY ARCHIVES Kerala Legislative Assembly

പ്ലാസ്റ്റിക് നിർമ്മിത കളിപ്പാട്ടങ്ങൾ നിയന്ത്രിക്കാൻ കർശന നടപടി

186 (1944) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്കറ്റിൽ സുലഭമായ ചൈനീസ് നിർമ്മിതമായ കളിപ്പാട്ടങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണെന്നതു സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) ഇത്തരം വസ്തുതകൾ നിയന്ത്രിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ ; എങ്കിൽ കുട്ടികളിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നാരോപിതമായതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന ഖരമാലിന്യവുമായ പ്ലാസ്റ്റിക് നിർമ്മിത ചൈനീസും അതുപോലുള്ളതുമായ കളിപ്പാട്ടങ്ങളും മറ്റു വസ്തുക്കളും നിയന്ത്രിക്കാൻ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാർക്കറ്റിൽ സുലഭമായ ചൈനീസ് നിർമ്മിതമായ വസ്തുക്കളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണെന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സാധനങ്ങൾ നിയന്ത്രിക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടില്ല. പഞ്ചായത്തിരാജ് ആക്ടിലെ 231-ാം വകുപ്പ് പ്രകാരവും മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പ് പ്രകാരവും ഏതൊരു സാധനവും പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ചൈനീസ് നിർമ്മിത കളിപ്പാട്ടങ്ങൾ നിയന്ത്രിക്കേണ്ടത് അവ ഇറക്കുമതി ചെയ്യാൻ അനുമതി നൽകുന്ന കസ്റ്റംസ് അധികൃതരാണ്. ഇതിന് നടപടി കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നാണ്. ഇത്തരം വസ്തുക്കൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിലവിലില്ല. ചൈനീസ് നിർമ്മിത കളിപ്പാട്ടങ്ങൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നോ എന്നകാര്യം തെളിയിക്കപ്പെട്ടിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾക്ക് പെൻഷൻ

187 (1945) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ പെൻഷൻ നൽകുന്നതിനെ സംബന്ധിച്ച് തീരുമാനം എടുക്കുമോ ;

(ബി) ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ?